# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ- ജീവനക്കാര്യം- ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ലക്ഷ്മി സി.പി- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.745/2025 നമ്പർ കേസിൻമേലുള്ള 07/05/2025 ലെ വിധിന്യായം- അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 28/4/2025-ലെ DHS/9462/2025-EB.3 നമ്പർ കരട് ട്രാൻസ്ഫർ ഉത്തരവ്.

2). ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ലക്ഷ്മി സി.പി ഫയൽചെയ്ത 2/5/2025-ലെ ഹർജി.

3). ഡോ. ലക്ഷ്മി സി.പി ഫയൽചെയ്ത OA.745/2025 നമ്പർ കേസിൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07/05/2025 ലെ വിധിന്യായം.

**ഉത്തരവ് നം: DHS/9431/2025-EB3 തീയതി: 26-05-2025**

---

2025-വർഷത്തെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടണ്ട്മാരുടെ ജനറൽട്രാൻസ്ഫർ സംബന്ധമായ കരട്

ലിസ്റ്റ് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിനെതിരെ പാലാ ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾറ്റന്റായ ഡോ. ലക്ഷ്മി സി.പി. ഹർജിസമർപ്പിച്ചിരുന്നു (Annexure .A6). ഇതേ വിഷയത്തിൽ ടിയാൽ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA.745/2025 നമ്പർ കേസ് ഫയൽചെയ്തിരുന്നു. ആയതിലെ പരാമർശം 3 പ്രകാരമുള്ള വിധിയിൽ ഹർജിക്കാരി സമർപ്പിച്ച Annexure A6 അപ്പീൽ അപേക്ഷ പരിഗണിച്ച് മൂന്നാഴ്ചക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. 01/06/2025 ൽ നേമം താലൂക്ക് ആശുപ്രതിയിൽ ഒരു ഒഴിവ് ഉണ്ടാകുന്നുണ്ട് എന്നും തന്നെ പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കണമെന്നുമാവശ്യപ്പെട്ട് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ ജില്ല ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. റെക്സി സേവ്യർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 676/2025 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിലെ 20/5/2025-ലെ വിധിയിൽ താഴെപ്പറയും പ്രകാരം ബഹു: ട്രിബ്യൂണൽ വിധിച്ചിട്ടുണ്ട്.

**"Learned Government Pleader submitted that final order of general transfer would be issued after considering all the objections received in time. It is also submitted that the claim of applicant against a vacancy which is yet to arise would be considered along with the claim of others in accordance with law.**

3. Annexure A6 അപ്പീലിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഡോ. ലക്ഷ്മി സി.പി. ഉന്നയിച്ചിരിക്കുന്നത്.

'താൻ 2021-ൽ DNB കോഴ്സ് കഴിഞ്ഞ് സർവീസിൽ തിരികെ ജോയിൻ ചെയ്യാൻ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൻ

പ്രകാരം **09/12/2021** ൽ  ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടണ്ടായി മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ജനറൽ ട്രാൻസ്ഫർ **2021-** ൽ നിർബന്ധിതമായി മൂവാറ്റുപുഴയിൽ നിന്നും പാല ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റി. **05/06/2022** ൽ പാല ജനറൽ ആശുപത്രിയിൽ  ജോലിയിൽ പ്രവേശിച്ചു. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ **9/12/2021** മുതൽ തന്റെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കണം. കൂടാതെ **2022** ലും **2025** ലും റിക്വസ്റ്റ് ട്രാൻസ്ഫറിന് അപേക്ഷിച്ചിരുന്നുവെങ്കിലും പരിഗണിച്ചില്ല. **2025** ലെ ജനുവരിയിൽ റിക്വസ്റ്റ് ട്രാൻസ്ഫറിലൂടെ  നിയമിച്ച ഡോക്ടർ തിരുവനന്തപുരം ജില്ലയിൽ തന്നെയാണ് കഴിഞ്ഞ മൂന്ന് വർഷവും ജോലി ചെയ്തത്. ഇതിനെതിരെ പരാതി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിരുന്നുവെന്നും  ഈ ഡോക്ടർ ട്രാൻസ്ഫർ ആയ  പോസ്റ്റിലേക്ക് (പാലോട്) പീരുമേട് ആശുപ്രതിയിൽ ജോലി ചെയ്യുന്ന ഡോക്ടറെയാണ് പിന്നീട് പോസ്റ്റ് ചെയ്തതെന്നും പ്രസ്തുത ഡോക്ടർ കഴിഞ്ഞ വർഷമാണ് തിരുവനന്തപുരത്ത് നിന്നും പീരുമേട്ടിലേക്ക് ട്രാൻസ്ഫർ ആയതെന്നും, താൻ നാളിത് വരെ ഹോം സ്റ്റേഷനായ തിരുവനന്തപുരത്ത് ജോലി ചെയ്തിട്ടില്ലന്നും ഇത്രയും വർഷം ഔട്ട് സ്റ്റേഷൻ സർവീസ് ഉള്ള തന്നെ ഈ പോസ്റ്റിലേക്ക് ട്രാൻസ്ഫറിന് പരിഗണിക്കാതിരുന്നത് തികച്ചും അന്യായമാണെന്നും ഈ തീരുമാനം പുനപരിശോധിക്കണമെന്നുമാണ് ഡോ. ലക്ഷ്മി സി.പിയുടെ വാദം.

**4.** ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ വിധിന്യായത്തിൻറെ അടിസ്ഥാനത്തിൽ **Annexure A6** ഹർജിയും, ഡോ. റെക്സി സേവ്യരുടെ വാദവും വിശദമായി പരിശോധിച്ചു.

ഡോ. അനുപമ.വി.ടി എന്ന മെഡിക്കൽ ഓഫീസർ  പഠനാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പേരൂർക്കട ജില്ലാ

മാതൃക ആശുപത്രിയിൽ ഉണ്ടായ ഒഴിവിൽ **(Open vacancy)** അനുകമ്പാർഹമായ കാരണത്താൽ ഡോ.സോണിയ.എൽ എന്ന മെഡിക്കൽ ഓഫീസറെ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയിരുന്നു. പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഒഴിവ് ആവശ്യമെങ്കിൽ **2025** ലെ ജനറൽ ട്രാൻസ്ഫറിൽ പുനപരിശോധിക്കുമെന്ന വ്യവസ്ഥയിൽ അസ്സിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും ജൂനിയർ കൺസൽട്ടന്റായി **placement** ലഭിച്ച ഡോ.എ.ആതിരയെ നിയമിച്ചിരുന്നു. **2024** ലെ ജനറൽ ട്രാൻസ്ഫറിൽ പാറശാല താലൂക്ക് ആശുപത്രിയിൽ നിന്നും ഡോ.നിത്യരാജ് എന്ന മെഡിക്കൽ ഓഫീസറെ നിർബന്ധിതമായി പീരുമേട് താലൂക്ക് ആശുപ്രതിയിലേക്ക് സ്ഥലം മാറ്റിയിരുന്നു. ഓപ്ഷനുകളെ അടിസ്ഥാനമാക്കിയല്ലാതുള്ള സ്ഥലംമാറ്റങ്ങൾ നിർബന്ധിത സ്ഥലംമാറ്റമായി കരുതപ്പെടേണ്ടതാണെന്നും നിർബന്ധിതമായി സ്ഥലംമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ ഓപ്ഷനുകൾക്ക് മറ്റുള്ള ഉദ്യോഗസ്ഥർ സമർപ്പിച്ച ഓപ്ഷനുകളേക്കാൾ മുൻഗണന നൽകേണ്ടതാണന്നനും **25/02/2017**ലെ സ.ഉ (പി)**3/2017**/ഉഭപവ നമ്പർ ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് ഡോ. നിത്യരാജിനെ ടിയാളുടെ അഞ്ചാമത്തെ ഓപ്ഷനായ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ **2025** ലെ ജനറൽ ട്രാൻസ്ഫറിനുള്ള കരട് ലിസ്റ്റിൽ പരിഗണിച്ചത്.

**5.** ഡോ. റെക്സി സേവ്യർ നിലവിലെ സ്റ്റേഷനായ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചത് **29/06/2022-** ലാണ്. ടി സ്റ്റേഷനിൽ **3** വർഷം പൂർത്തിയാക്കിയിട്ടില്ല. എന്നാൽ കുണ്ടറ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്ത് വരവെ ഡി.എൻ.ബി കോഴ്സിന് ചേരുകയും കോഴ്സ് പൂർത്തിയായപ്പോൾ ടിയാനെ നാദാപുരം താലൂക്ക് ആശുപത്രിയിൽ നിയമിച്ചതിനെ തുടർന്ന് **07/02/2022** ൽ

അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 23/05/2022 വരെ ടിയാൻടി സ്റ്റേഷനിൽ തുടർന്നു. 2021 ലെ ജനറൽ ട്രാൻസ്ഫറിനോട് അനുബന്ധിച്ച് വീണ്ടും നിർബന്ധിതമായി പെരിന്തൽമണ്ണ ജില്ല ആശുപത്രിയിൽ സ്ഥലംമാറ്റി നിയമിച്ചതിൻ പ്രകാരം 29/06/2022 ൽ താൻ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണന്നും നാദാപുരം താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച തിയതിയായ 07/02/2022 വെച്ച് out station കണക്കാക്കിയാൽ തനിക്കു മൂന്നുവർഷം സേവന കാലാവധിയാകും എന്നതിനാൽ 01/06/2025 ൽ നേമം താലൂക്ക് ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവിൽ തന്നെ പരിഗണിക്കണമെന്നുമാണ് ഡോ. റെക്സി സേവ്യർ ആവശ്യപ്പെട്ടിരിക്കുന്നത്.

5. ട്രാൻസ്ഫർ നോംസ്പ്രകാരം പരിശോധിക്കുമ്പോൾ ഡോ. നിത്യരാജിനാണ് തിരുവനന്തപുരം ജില്ലയിലെ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് 2025-ജനറൽട്രാൻസ്ഫർ ലഭിക്കുവാൻ അർഹത.

6. ഡോ. ലക്ഷ്മി സി.പി. യുടെ സ്വന്തം ജില്ലക്ക് പുറത്തുള്ള തുടർച്ചയായ സർവീസ് ആരംഭിക്കുന്നത് 12/09/2012 തിയതി മുതലും ഡോ. റെക്സി സേവ്യറുടെ സ്വന്തം ജില്ലക്ക് പുറത്തുള്ള തുടർച്ചയായ സർവീസ് ആരംഭിക്കുന്നത് 24/11/2015 തിയതി മുതലും ആണ്. ആയതിനാൽ ജനറൽ ട്രാൻസ്ഫർ 2025 കഴിഞ്ഞു നേമം താലൂക്ക് ആശുപ്രതിയിൽ വരുന്ന ഒഴിവിൽ നിയമിക്കപ്പെടുവാൻ അർഹത ഡോ. റെക്സി സേവ്യറെക്കാളും ഡോ. ലക്ഷ്മി സി.പിക്കാണ്.

7. മേൽ സാഹചര്യത്തിൽ 2025-വർഷത്തെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടണ്ട്മാരുടെ ജനറൽട്രാൻസ്ഫറിന് ശേഷം നേമം താലൂക്ക് ആശുപത്രിയിൽ 1/6/2025-ന് വരുന്ന ഒഴിവിലേക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചവരുടെ

അർഹത കൂടി കണക്കിലെടുത്ത് ഈ ആശുപത്രിയിൽ വരുന്ന ഒഴിവു നികത്തുന്നതാണ്. 2025-വർഷത്തെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടണ്ട്മാരുടെ ജനറൽട്രാൻസ്ഫറിൽ അർഹതപ്പെട്ട പോസ്റ്റ് അനുവദിച്ചു ട്രാൻസ്ഫർ നൽകണമെന്ന ഡോ. ലക്ഷ്മി സി.പി. യുടെ പരാമർശം 2 ഹർജിയിലെ വാദം നിലവിലെ സാഹചര്യത്തിൽ അനുവദിക്കുവാൻ കഴിയില്ല. അത് നിരസിച്ചു ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ 07/05/2025 ലെ OA.745/2025 നമ്പർ കേസിൻമേലുള്ള വിധിന്യായം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 26-05-2025 16:29:36

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1ഡോ. ലക്ഷ്മി സി.പി,ജൂനിയർ കൺസൾട്ടന്റ്,ജനറൽ ആശുപത്രി, പാലാ, കോട്ടയം.

2. ഡോ. റെക്സി സേവ്യർ ,
ജില്ലാ ആശുപത്രി,
പെരിന്തൽമണ്ണ,
മലപ്പുറം

പകർപ്പ്:-

1അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള,

തിരുവനന്തപുരം

3ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

4ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

5 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്